


ഇന്ന് അന്താരാഷ്ട്ര ദാരിദ്ര്യ നിർമ്മാർജ്ജന ദിനമാണല്ലോ. 1992 മുതലാണ് ഐക്യരാഷ്ട്രസഭ ലോക ദാരിദ്ര്യ നിർമ്മാർജ്ജന ദിനം ആചരിച്ച് തുടങ്ങിയത്. 1987 ഒക്ടോബർ 17ന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ ദാരിദ്ര്യം, വിശപ്പ്, അക്രമം, ഭീതി എന്നിവയ്ക്ക് ഇരയായവരെ ആദരിക്കുന്നതിനായി ഒരു ലക്ഷത്തോളം പേർ ചേർന്ന് പ്രതിജ്ഞ എടുത്തതിന്റെ സ്മരണ പുതുക്കിയാണ് ഈ ദിനം അന്താരാഷ്ട്ര ദാരിദ്ര്യ നിർമ്മാർജ്ജന ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. 'സാമൂഹികവും പാരിസ്ഥിതികവുമായ നീതി ഏവർക്കുമേകാൻ സംയോജിച്ചുള്ള പ്രവർത്തനം' എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര ദാരിദ്ര്യ നിർമ്മാർജ്ജന ദിനത്തിന്റെ സന്ദേശം.

കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ കഴിഞ്ഞ 20 വർഷത്തിലേറെയായി ഈ മേഖലയിൽ പ്രവർത്തിക്കുകയും സമൂഹത്തിൽ മാറ്റമുണ്ടാക്കുകയും ചെയ്തുവരുന്നു. ഇന്ന് ദൂരദർശൻ ചാനലിൽ കുടുംബശ്രീയുടെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ സംബന്ധിച്ച് നൽകിയ അഭിമുഖത്തിന്റെ വീഡിയോ ഈ ലേഖനത്തിനൊപ്പം നൽകട്ടെ...

വീഡിയോ ഈ ലിങ്കിൽ കാണാം - https://www.youtube.com/watch?v=3NFpqyNQzm4